(സി) എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് കെ. എസ്. ഇ. ബി. എ. ഡി. ബി. വായ്പ എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുന്ന കരാർ ലഭ്യമാക്കുമോ ;

(ഡി) എ. ഡി. ബി. വായ്പാ വ്യവസ്ഥകൾ അനുസരിച്ച് വൈദ്യുതി ചാർജ് കൂട്ടുന്നതിനോ ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നതിനോ നിർദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 21.15 കോടി രൂപ. ഇത് 2001-2002, 2002-2003 എന്നീ സാമ്പത്തിക വർഷങ്ങളിൽ കാനഡയിലെ എക്സ്പോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും കുറ്റ്യാടി എക്സ്റ്റൻഷൻ, പള്ളിവാസൽ, ചെങ്കുളം എന്നീ പദ്ധതികളുടെ നവീകരണത്തിനുവേണ്ടി ലഭിച്ച തുകയാണ്.

(ബി) 2002-2003 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനയിൽ അനുവദിച്ചിരുന്ന 200 കോടി രൂപ ബോർഡ് 2002-2003-ൽ സർക്കാരിന് നൽകാനുള്ള ഇലക്ട്രിസിറ്റി ഡ്യൂട്ടി (179 കോടി രൂപ) സർചാർജ് (6 കോടിരൂപ), ഗ്യാരന്റീ ഫീസ് (15 കോടി രൂപ) ഇവയിൽ തട്ടിക്കഴിച്ച് ഉത്തരവായിട്ടുണ്ട്.

(സി) എ. ഡി. ബി. യിൽ നിന്ന് കെ. എസ്. ഇ. ബി. വായ്പ എടുത്തിട്ടില്ല.

(ഡി) എ. ഡി. ബി. നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

വൈദ്യുതി ബോർഡിന്റെ പ്രതിസന്ധിക്കുള്ള കാരണങ്ങൾ

6 (894) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിദ്യുച്ഛക്തി ബോർഡിലെ പ്രതിസന്ധിക്കുള്ള കാരണങ്ങളെക്കുറിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത് പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസരണ നഷ്ടം കുറച്ച് വൈദ്യുതി ചാർജ് വർദ്ധിപ്പിക്കാതെ ബോർഡിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു.

1. വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റാൻ ഉയർന്ന നിരക്കിലുള്ള താപ വൈദ്യുതിയെ ക്രമാതീതമായി ആശ്രയിക്കേണ്ടി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. ഉൽപ്പാദന ചെലവിന് ആനുപാതികമായി വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുവാൻ കഴിയായ്ക.

3. പലിശയിലും, വായ്പയിനത്തിലും ഉള്ള തിരിച്ചടവിലെ ക്രമാതീതമായ വർദ്ധന.

4. 30% ത്തോളം ഉയർന്ന പ്രസരണ വിതരണ നഷ്ടം.

5. കുറഞ്ഞ ചെലവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ജല പദ്ധതികൾ ഉൽപ്പാദന ശൃംഖലയിൽ അധികമായി കൂട്ടിച്ചേർക്കാൻ കഴിയായ്ക.

6. കാലവർഷത്തിൽ നേരിയ കുറവ്.

7. പ്രസരണ വിതരണ മേഖലയിൽ മെച്ചപ്പെട്ട എച്ച്.ടി, എൽ. റ്റി, അനുപാതം കൈവരിക്കാൻ വേണ്ടത്ര മൂലധനം സമാഹരിക്കാനും അവ നടപ്പിലാക്കാനുമുള്ള പ്രതിബന്ധങ്ങൾ.

8. സർക്കാർ സ്ഥാപനങ്ങളിൽ നിന്നും മറ്റും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിനത്തിൽ ഏറിവരുന്ന കുടിശ്ശിക.

(സി)

1. വൈദ്യുതി നിരക്ക് ശാസ്ത്രീയമായി പുനർനിർണ്ണയം നടത്തുവാൻ സംസ്ഥാന റഗുലേറ്ററി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

2. എൻ. ടി. പി. സി. കായംകുളത്തെ ഒരു റീജിയണൽ പവർ സ്റ്റേഷനാക്കിയതുമൂലം ആ സ്ഥാപനത്തിന് കൊടുക്കാനുള്ള ഫിക്സഡ് ചാർജ് തുകയിൽ പ്രതിമാസം 10.5 കോടി രൂപയുടെ കുറവ് ഉണ്ടായി.

3. കായംകുളം താപ വൈദ്യുത നിലയത്തിലേക്ക് ആവശ്യമായ നാഫ്തയുടെ വിൽപ്പന നികുതി 1-11-2001 മുതൽ കേരള സർക്കാർ ഒഴിവാക്കിയതുമൂലം അവിടെ നിന്നു ലഭിക്കുന്ന വൈദ്യുതിയുടെ വിലയിൽ, ഒരു കെ. ഡബ്ല്യൂ.എച്ച്. ന് ഏകദേശം 11 പൈസയോളം കുറവുണ്ടായി.

4. കായംകുളം താപ വൈദ്യുതി നിലയത്തിലേയ്ക്ക് ആവശ്യമായ നാഫ്തയുടെ എക്സൈസ് ഡ്യൂട്ടി ഒഴിവാക്കിയതുമൂലം ടി നിലയത്തിൽ നിന്നും വാങ്ങുന്ന വൈദ്യുതി വിലയിൽ ഒരു മാസം 8 കോടി രൂപയുടെ കുറവ് ഉണ്ടായി.

5. പവർ ഫിനാൻസ് കോർപ്പറേഷനിൽ നിന്നും കൂടിയ പലിശ നിരക്കിൽ എടുത്തിരുന്ന കടം പുനഃക്രമീകരിച്ചതു മുഖാന്തിരം പലിശ ഇനത്തിൽ പ്രതിമാസം ഏകദേശം ഒരു കോടി രൂപയുടെ കുറവ് ഉണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

6. റൂറൽ ഇലക്ട്രിഫിക്കേഷൻ, കോർപ്പറേഷൻ, എൽ. ഐ. സി. എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകൾ പുനഃക്രമീകരിച്ച് കുറഞ്ഞ പലിശ നിരക്കിലേക്ക് മാറ്റാനുള്ള ശ്രമം തുടർന്നു വരുന്നു.

7. കോഴിക്കോട് താപ വൈദ്യുത നിലയ നിർമ്മാണവുമായി ബന്ധപ്പെട്ട് ബാങ്കുകളിൽ നിന്നും എടുത്തിരുന്ന 125 കോടി രൂപയുടെ വായ്പ പുനഃക്രമീകരിക്കുക വഴി പലിശ ഇനത്തിൽ പ്രതിമാസം ഏകദേശം 1.1 കോടി രൂപയുടെ കുറവ് ഉണ്ടായി.

8. പ്രസരണ വിതരണ നഷ്ടം കുറയ്ക്കുവാനുള്ള പലവിധ മാർഗ്ഗങ്ങൾ സ്വീകരിച്ചു.

9. ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് ശക്തിപ്പെടുത്തിയും വൈദ്യുതി മോഷണം തടയുന്നതിനുള്ള നിയമം കർശനമാക്കികൊണ്ടും മോഷണം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ സത്വരമാക്കി.

(ഡി) പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. 2002-2003 കാലയളവിൽ നാല് 110 കെ. വി. (പുതിയത്) മൂന്ന് 110 കെ. വി. (അപ്ഗ്രഡേഷൻ), അഞ്ച് 33 കെ. വി. സബ് സ്റ്റേഷൻ എന്നിവ കമ്മീഷൻ ചെയ്തു. 2003-2004 കാലയളവിൽ നാല് 220 കെ. വി., പതിനാല് 110 കെ. വി, മൂന്ന് 66 കെ. വി., അൻപത്തി നാല് 33 കെ. വി, സബ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

2. പത്താം പദ്ധതി കാലത്ത് നിലവിലുള്ള എച്ച്. റ്റി. എൽ. റ്റി അനുപാതം 1:6 ൽ നിന്നും 1:4 ആയി. കുറയ്ക്കാൻ 9500 കെ. എം. 11 കെ. വി. ലൈൻ പണിയുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

3. ഇ. എച്ച്റ്റി. ലൈനുകളിൽ പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി സബ് സ്റ്റേഷനുകളിൽ 200 എം. വി. എ. ആർ കപ്പാസിറ്ററുകൾ 2002-2003 ൽ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. ഇതിൽ 160 എം. വി. എ. ആർ. കപ്പിസിറ്ററുകൾ സ്ഥാപിച്ചുകഴിഞ്ഞു. ബാക്കി 40 എം. വി. എ. ആർ സ്ഥാപിച്ചുവരുന്നു. 2003-2004 കാലയളവിൽ 350 എം. വി. എ. ആർ. കപ്പാസിറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

4. ലൈനുകളുടെ അറ്റകുറ്റപണികൾ ഷെഡ്യൂൾ പ്രകാരം യഥാസമയം ചെയ്യുന്നു.

5. ലൈനുകളിൽ മൂടികിടക്കുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റുന്നു.

654/13

LIBRARY ARCHIVES Kerala Legislative Assembly